## പി.എം.ജി.എസ്.വൈ. പദ്ധതി

3 (3205) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010 മേയ് മാസത്തിനു ശേഷം പേരാമ്പ്ര മണ്ഡലത്തിൽ ഉൾപ്പെടുന്ന ചങ്ങരോത്ത്, ചക്കിട്ടപാറ, കൂത്താളി, പേരാമ്പ്ര, മേപ്പയൂർ, ഉറയൂർ, അരിക്കുളം, ചെറുവണ്ണൂർ എന്നീ പഞ്ചായത്തുകളിലെ ഏതെല്ലാം ഗ്രാമീണ റോഡുകൾ നവീകരിക്കാൻ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചു എന്നും പ്രസ്തുത ഓരോ പ്രവൃത്തിക്കും എത്ര തുക വീതമാണ് അനുവദിച്ചതെന്നും അവ ഓരോന്നിന്റെയും നിർമ്മാണപ്രവർത്തനം ഏത് ഘട്ടത്തിലാണെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത പഞ്ചായത്തുകളിലെ ഏതെല്ലാം റോഡുകളാണ് പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കാൻ പുതുതായി തീരുമാനിച്ചതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) പേരാമ്പ്ര ബ്ലോക്കിലെ നൊച്ചാട് പഞ്ചായത്തിൽ ഉൾപ്പെട്ട 4.6 കി. മീറ്റർ നീളം വരുന്ന വല്ല്യകോട് - മുളയങ്കൽ റോഡാണ് പി.എം.ജി.എസ്.വൈ.- II പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കാൻ പുതുതായി തീരുമാനിച്ചത്.

## പി.എം.ജി.എസ്.വൈ. നേരിടുന്ന പ്രതിസന്ധികൾ

4 (3206) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ. പണികൾക്ക് ഇന്ന് നേരിടുന്ന പ്രതിസന്ധികൾ തരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) പി.എം.ജി.എസ്.വൈ. പണികൾക്ക് എത്ര രൂപയുടെ കടിശ്ശികയാണ് കരാറുകാർക്കുള്ളത് ; ഇതുമൂലം റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നതും കരാറുകാർ പണി നിർത്തിവയ്ക്കുന്നതും ഒഴിവാക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(സി) പി.എം.ജി.എസ്.വൈ. പണികളുടെ സുഗമമായ പ്രവർത്തനത്തിന് കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്നതിന് നടപടി സ്വീകരിക്കുമോ ; ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly